"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അടൂർ സെന്റ് മേരീസ് എം.എം.യു.പി.സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഡാനിസൺ എം.കോശി ഫയൽ ചെയ്ത റിട്ട് ഹർജി നം.42473/2024-ൽ 29.11.2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2453/2025/GEDN തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:-

1. ശ്രീ. ഡാനിസൺ എം. കോശി സമർപ്പിച്ച 09/11/2024ലെ റിവിഷൻ പെറ്റിഷൻ (Ext.P7)
2. റിട്ട് ഹർജി നം.42473/2024-ൽ 29.11.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. എം.എം.സി കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ്-ന്റെ 103/2024 നമ്പർ ഹിയറിങ് നോട്ട്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/12/2024ലെ F3/23871/2024/DGE നമ്പർ ഹിയറിങ് റിപ്പോർട്ട്
5. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 7/1/2025ലെ AEOADR/C/14/2025 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
6. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15/1/2025ലെ DDEPTA/49/2025-B2 നമ്പർ ഹിയറിങ് റിപ്പോർട്ട്
7. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/1/2025ലെ DEOKTR/82/2025-B6 നമ്പർ ഹിയറിങ് റിപ്പോർട്ട്

**<u>ഉത്തരവ്</u>**

അടൂർ സെന്റ് മേരീസ് എം.എം.യു.പി.സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഡാനിസൺ എം.കോശി ഫയൽ ചെയ്ത റിട്ട് ഹർജി നം.42473/2024-ൽ 29.11.2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ഹർജിക്കാരൻ ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, തീർപ്പാക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 18.01.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. ശ്രീ. ഡാനിസൺ എം.കോശിയെ കോർപ്പറേറ്റ് മാനേജർ തുടക്കത്തിൽ ഇതേ മാനേജ്മെന്റിൽപ്പെട്ട കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് ടി.ടി.ഐ.യിൽ പാർട്ടൈം മീനിയൽ തസ്തികയിൽ 01/08/2017 പ്രാബല്യത്തിൽ നിയമിച്ചു. പ്രസ്തുത നിയമനം നിയമന തീയതിയായ 01/08/2017 മുതൽ തന്നെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്.

5. നിയമനാംഗീകാരത്തെ തുടർന്ന് ഹർജിക്കാരന്റെ സേവന പുസ്തകം തുറക്കുകയും സേവന പുസ്തകത്തിലെ രണ്ടാം പുറത്ത് ഹർജിക്കാരൻ നിയമനാംഗീകാര സമയത്തു തന്നെ നേടിയ ചുവടെപറയുന്ന യോഗ്യതകൾ രേഖപ്പെടുത്തിയിട്ടുള്ളതും ആയത് കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്-

i) എസ്.എസ്.എൽ.സി

ii) പ്രീഡിഗ്രി

iii) ബി.കോം ഡിഗ്രി.

6. ആയതിനാൽ നിയമനം ലഭിക്കുമ്പോൾ തന്നെ ഡിഗ്രി ഉൾപ്പെടെ മേൽപ്പറഞ്ഞ യോഗ്യതകൾ ഹർജിക്കാരൻ നേടിയിട്ടുള്ളതാണെന്നും തന്റെ യോഗ്യതയെ സംബന്ധിച്ച് യാതൊന്നും തന്നെ ഹർജിക്കാരൻ മറച്ചുവെച്ചിരുന്നില്ല എന്നും കാണേണ്ടതാണ്.

7. അപ്രകാരം പാർട്ടൈം മീനിയൽ തസ്തികയിൽ 01/08/2017 മുതൽ നിയമനാംഗീകാരത്തോടെ ഹർജിക്കാരൻ സേവനത്തിൽ തുടരവെ, ഇതേ മാനേജ്മെന്റിൽപ്പെട്ട ചെങ്ങമനാട് എം.എ.എം. ഹൈസ്കൂളിൽ നിലവിലുണ്ടായിരുന്ന ഫുൾടൈം മീനിയൽ (FTM) തസ്ത്ിികയിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി 13/09/2017 പ്രാബല്യത്തിൽ നിയമിച്ചു. FTM തസ്തികയിലെ പ്രസ്തുത സ്ഥാനക്കയറ്റ നിയമനം നിയമന തീയതിയായ 13/09/2017 പ്രാബല്യത്തിൽ തന്നെ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്.

8. ഹർജിക്കാരൻ എഫ്.ടി.എം തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടരവെ, ടിയാളുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഇതേ മാനേജ്മെന്റിൽപ്പെട്ട പത്തനംതിട്ട ജില്ലയിലെ അടൂർ സെന്റ് മേരീസ് യു.പി.സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് 18/07/2024 മുതൽ സ്ഥാനക്കയറ്റം നല്കി നിയമിച്ചു. ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനാംഗീകാരത്തിനുള്ള ശുപാർശ കോർപ്പറേറ്റ് മാനേജർ അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. എന്നാൽ ഹർജിക്കാരനെ ഏഴ് വർഷങ്ങൾക്ക് മുമ്പ്, 01/08/2017 പ്രാബല്യത്തിൽ പാർട് ടൈം മീനിയൽ തസ്തികയിൽ നിയമിക്കുമ്പോൾ ഹർജിക്കാരൻ ബിരുദധാരിയായിരുന്നുവെന്നും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 24 ബി യിലെ ചട്ടം 4 പ്രകാരം എയ്ഡഡ് സ്കൂൾ അനദ്ധ്യാപകർക്ക് സർക്കാർ സ്കൂളുകളിലെ അനദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയാണ് ബാധകമെന്നും ആയതിനാൽ 04/06/2016-ലെ ജി.ഒ(പി) 1216/പി.&എ.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ബിരുദധാരിയായ ഹർജിക്കാരന് പാർട് ടൈം മീനിയൽ തസ്തികയിലും തുടർന്ന് ഫുൾടൈം മീനിയൽ തസ്തികയിലും നിയമനാംഗീകാരം

നല്കിയത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നുമുള്ള കാരണത്താൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം നിരസിച്ച് ഉത്തരവായി.

9. 10/10/2024-ലെ പ്രസ്തുത ഉത്തരവിനെ തുടർന്ന് തന്റെ എഫ്.ടി.എം തസ്തികയിലെ (താഴ്ന്ന സ്കെയിലിലെ) ശമ്പളമെങ്കിലും നല്കണമെന്ന അപേക്ഷ ഹർജിക്കാരൻ അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും പ്രസ്തുത അപേക്ഷയും ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയാണുണ്ടായത്.

10. ചുവടെ പറയുന്ന കാരണങ്ങളാൽ ഹർജിക്കാരന്റെ പി.ടി.എം/എഫ്.ടി.എം തസ്തികകളിലെ ഏഴ് വർഷത്തിന് മുമ്പുള്ള നിയമനാംഗീകാരം നിലനിർത്തിയും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം കേരള വിദ്യാഭ്യാസചട്ടങ്ങളിലെ അദ്ധ്യായം 1 ലെ ചട്ടം 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം ഉപയോഗപ്പെടുത്തി അംഗീകരിച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

കാരണങ്ങൾ

i. ഹർജിക്കാരന്റെ 01/08/2017 പ്രാബല്യത്തിലുള്ള പാർടൈം മീനിയൽ തസ്തികയിലെ നിയമനാംഗീകാരം നല്കുമ്പോൾ തന്നെ ഹർജിക്കാരൻ ബിരുദധാരിയാണ് എന്ന വസ്തുത കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ തന്റെ വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച് യാതൊരു വിവരവും മറച്ചുവെച്ചിട്ടില്ലാത്തതും തെറ്റിദ്ധരിപ്പിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ ഹർജിക്കാരന്റെ ഭാഗത്തുനിന്നുമുള്ള യാതൊരു വീഴ്ച്ചയും പി.ടി.എം തസ്തികയിലെ നിയമനാംഗീകാരം നല്കുമ്പോൾ ഉണ്ടായിരുന്നിട്ടുമില്ല. തുടർന്ന് എഫ്.ടി.എം തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കുമ്പോഴും ഹർജിക്കാരന്റെ യോഗ്യത സംബന്ധിച്ച് യാതൊരു തടസ്സവും ഉന്നയിക്കാതെ അംഗീകരിക്കുകയാണുണ്ടായത്. നിയമനാംഗീകാര വിഷയത്തിൽ ചട്ടങ്ങൾക്ക് അനുസൃതമായ തീരുമാനമെടുക്കേണ്ട ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ വിദ്യാഭ്യാസ അധികൃതരുടെ ഭാഗത്തുനിന്നാണ് വീഴ്ച ഉണ്ടായിട്ടുള്ളത്. ആയതിന് ഹർജിക്കാരൻ ഉത്തരവാദിയല്ല.

ii. കെ.എസ്.& എസ്.എസ്.ആർ പാർട്ട് 2 ചട്ടം 3സി താഴെ ഉദ്ധരിക്കുന്നു-

"(c) Notwithstanding anything contained in these rules, the Commission shall have power to cancel the advice for appointment of any candidate to any service if it is subsequently found that such advice was made under some mistake. On such cancellation the appointing authority shall terminate the service of the candidate

... Provided that the cancellation for advice for appointment by the commission and subsequent termination of service of the candidate by the appointing authority shall be made within a period of one year from the date of such advice."

പ്രസ്തുത ചട്ടപ്രകാരം ഒരു ജീവനക്കാരന്റെ നിയമനാംഗീകാര വിഷയത്തിൽ അപാകത

കണ്ടെത്തിയാൽ നിയമനം റദ്ദാക്കേണ്ടതാണെന്നും ഇപ്രകാരം റദ്ദാക്കുകയാണെങ്കിൽ ആയത് ഒരു വർഷത്തിനുള്ളിൽ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ 7 വർഷത്തിന് ശേഷം നിയമനാംഗീകാരം നിയമനാർത്ഥിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൊണ്ടല്ലാത്ത പക്ഷം റദ്ദ് ചെയ്യാൻ പാടില്ലാത്തതുമാണ് എന്ന് ചട്ടത്തിന്റെ വായനയിൽ നിന്നും കാണാവുന്നതാണ്. ഒരു വർഷത്തിനുള്ളിൽ തെറ്റ് കണ്ടെത്തി നിയമനാംഗീകാരം റദ്ദ് ചെയ്തിരുന്നുവെങ്കിൽ മറ്റേതെങ്കിലും ജോലി തേടുന്നതിന് ഹർജിക്കാരന് കഴിയുമായിരുന്നു. എന്നാൽ നിയമനം ലഭിച്ച് 7 വർഷത്തിന് ശേഷം നിയമനാംഗീകാരം റദ്ദ് ചെയ്യുന്ന പക്ഷം മറ്റൊരു ജോലി തേടുന്നതിനുള്ള അവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ആയതിനാൽ 7 വർഷംവരെയുള്ള ദീർഘകാല സേവനത്തിന് ശേഷം നിയമനാംഗീകാരം റദ്ദ് ചെയ്യുന്നത് സാമാന്യ നീതിക്ക് വിരുദ്ധവും ആയതിനാൽ നിയമാനുസൃതവുമല്ല.

iii. ഹർജിക്കാരന്റെ 7 വർഷത്തിന് മുമ്പുള്ള 01/08/2017 പ്രാബല്യത്തിലുള്ള നിയമനാംഗീകാരം കാലദൈർഘ്യം കൊണ്ട് ഉറപ്പിക്കപ്പെട്ടതും(settled matter) സ്ഥാപിതമായതുമായ നിയമനാംഗീകാരമാണ്. വർഷങ്ങളുടെ കാലദൈർഘ്യം കൊണ്ട് സ്ഥാപിതമായതും ഉറപ്പിക്കപ്പെട്ട(settled)തുമായ നിയമനം, സീനിയോറിറ്റി എന്നിവ വർഷങ്ങൾക്ക് ശേഷം പുനഃപരിശോധനക്ക് വിധേയമാക്കാവുന്നല്ലയെന്നും ബഹു: സുപ്രീം കോടതിയുടെ സ്ഥിരപ്രശസ്തമായ 'sit back theory' എന്ന നിയമതത്വത്തിൽ പ്രഘോഷിക്കുന്നുണ്ട്-

"Each person ought to be entitled to Sit Back and consider his appointment and promotion effected a long time ago would not be set aside after a lapse of number of years"

The above dictum was followed by this Court in 1973 KLT 151(FB). This Court observed that no statutory appeals or revision petitions are shown to have been filed against the orders of promotion and it must be taken those list has become final. It is not in the interest of the maintenance of the morale, efficiency and contentment in service to disrupt after such long lapse of time matters pertaining to vital service conditions like seniority and rank which already become settled. Thus it is quite clear that it will be unjust to deprive persons who had been promoted many years ago that had accrued to them regarding rank and seniority by purporting to conduct a review of a promotion after a lapse of many years."

ആയതിനാൽ നിരവധി വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായതും കാലദൈർഘ്യം കൊണ്ട് ഉറപ്പിക്കപ്പെട്ടതുമായ നിയമനാംഗീകാരം, പ്രൊമോഷൻ, സീനിയോറിറ്റി എന്നിവ വർഷങ്ങൾക്ക് ശേഷം പുനഃപരിശോധനയ്ക്ക് വിധേയമാവാൻ പാടില്ലാ എന്നും അത്തരം വിഷയങ്ങൾ സ്ഥാപിതമായി തന്നെ നിലനിൽക്കേണ്ടതാണെന്നും സുപ്രീംകോടതിയുടെ 'sit back theory' എന്ന നിയമതത്വത്തിൽ വ്യക്തമാക്കുന്നുണ്ട്.

iv. കേരളവിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം-1 ലെ ചട്ടം 3ൽ ഗവൺമെന്റിൽ നിക്ഷിപ്തമായ സവിശേഷ അധികാരം പ്രയോഗിച്ച് ഹർജിക്കാരന്റെ 01/08/2017 പ്രാബല്യത്തിലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനാംഗീകാരവും തുടർന്ന് അർഹതപ്പെട്ട പ്രൊമോഷനും

അംഗീകരിക്കപ്പെടേണ്ടതാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 1-ലെ ചട്ടം 3 താഴെ ഉദ്ധരിക്കുന്നു-

"3. Where the Govt. are satisfied that operation of any rule under these Rules causes undue hardship in any particular case, the Govt. may dispense with or relax the requirements of that rule to such extent and subject to such conditions as they may consider necessary for dealing with the case in a just and equitable manner".

11. ആയതിനാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ഏതെങ്കിലും വ്യവസ്ഥ ഏതെങ്കിലും വിഷയത്തിൽ അതീവ കഷ്ടകരമായ അവസ്ഥ ഉണ്ടാക്കുന്നുവെങ്കിൽ അത്തരം വിഷയങ്ങളിൽ നീതിനിഷ്ഠമായ ഉത്തരവ് സർക്കാരിന് പുറപ്പെടുവിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഹർജിക്കാരന്റെ നിയമനാംഗീകാരം നിലനിർത്തുന്നതുകൊണ്ട് മറ്റാരെയും ദോഷകരമായി ബാധിക്കുന്നില്ല എന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ മേലുദ്ധരിച്ച ചട്ടത്തിലെ വ്യവസ്ഥ സാമാന്യനീതി പാലിക്കുന്നതിനായി സർക്കാർ തലത്തിൽ ഇളവ് നല്കി ഉത്തരവാകാവുന്നതാണ്.

12. മേൽപ്പറഞ്ഞ നിയമാനുസൃതമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെപറയുന്ന ഉത്തരവുകൾ സർക്കാർ തലത്തിൽ ഉണ്ടാകണമെന്ന് അപേക്ഷിച്ചു.

i. 01/08/2017 പ്രാബല്യത്തിലുള്ള ഹർജിക്കാരന്റെ പാർട്ടൈം മീനിയൽ തസ്തികയിലെ നിയമനാംഗീകാരവും 13/09/2017 പ്രാബല്യത്തിലുള്ള ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനാംഗീകാരവും ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ താഴ്ന്ന തസ്തികയായ എഫ്.ടി.എം തസ്തികയിലെ ശമ്പളം അടിയന്തിരമായി തുടർന്ന് നല്കുന്നതിനുള്ള നിർദ്ദേശം അടൂർ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന അപേക്ഷ.

ii. ഹർജിക്കാരന്റെ 01/08/2017 പ്രാബല്യത്തിലുള്ള പി.ടി.എം തസ്തികയിലെയും 13/09/2017 പ്രാബല്യത്തിലുള്ള എഫ്.ടി.എം തസ്തികയിലെയും നിയമനാംഗീകാരം നിലനിർത്തി പ്രസ്തുത നിയമനാംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ അർഹതപ്പെട്ട ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കണമെന്നുമുള്ള അപേക്ഷ.

13. മേൽപ്പറഞ്ഞ പ്രകാരമുള്ള നിയമാനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും തദനുസൃതമായി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

**മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.**

14. എം.എം.സി. കോർപറേറ്റ് മാനേജ്മെന്റിന്റെ അധീനതയിലുള്ള ചൊവ്വള്ളൂർ സെന്റ് ജോർജ് റ്റി.റ്റി.ഐ.യിൽ പാർട്ട് ടൈം മീനിയലായി 01-08-2017 മുതൽ ശ്രീ.ഡാനിസൺ എം. കോശിയെ നിയമിക്കുകയും ടി നിയമനം കൊട്ടാരക്കര ഡി.ഇ.ഒ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ശ്രീ.ഡാനിസൺ എം. കോശിയെ 13-09-2017 മുതൽ എഫ്.ടി.എം. ആയി

പ്രൊമോഷൻ നൽകി ചെങ്ങമനാട് MAM HS-ൽ നിയമിക്കുകയും ടി പ്രൊമോഷൻ നിയമനം അംഗീകരിക്കുകയും ചെയ്തു. 13-09-2017 മുതൽ എഫ്.ടി.എം. തസ്തികയിൽ നിയമനാംഗീകാരത്തോടെ ജോലി ചെയ്തു വരുന്ന ശ്രീ. ഡാനിസൺ എം. കോശിയെ 18-07-2024 മുതൽ അടൂർ സെന്റ് മേരീസ് എം.എം. യു.പി. സ്കൂളിൽ ഓഫീസ് അറ്റൻഡന്റായി പ്രൊമോഷൻ നൽകി നിയമിച്ചു. 18-07-2024 മുതൽ ടിയാൾ ടി സ്കൂളിൽ ജോലി ചെയ്തു വരുന്നു.

15. ഓഫീസ് അറ്റൻഡന്റ് ആയിട്ടുള്ള ശ്രീ. ഡാനിസൺ എം. കോശിയുടെ പ്രൊമോഷൻ നിയമനം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിയമനം നിരസിച്ചതിന് ബഹു. എ.ഇ.ഒ ഉന്നയിച്ച കാരണം ചുവടെ നൽകുന്നു.

"കെ.ഇ.ആർ അധ്യായം 24(എ) ചട്ടം 2-ലെ ഉപചട്ടം 3 പ്രകാരം സർക്കാർ സർവ്വീസ് ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള യോഗ്യതകൾ തന്നെയാണ് എയിഡഡ് സ്കൂൾ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളത്. ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ 04-06-2016-ലെ GO (P) 12/2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എഫ്.ടി.എം./ഓഫീസ് അറ്റൻഡന്റ് തസ്തികകൾക്ക് ബിരുദം ഉണ്ടാവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന് 01-07-2011 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. ശ്രീ.ഡാനിസൺ എം. കോശി ബിരുദ യോഗ്യത കരസ്ഥമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്."

16. കെ.ഇ.ആർ അധ്യായം 24(എ) ചട്ടം 2 ഉപചട്ടം 3 പ്രകാരം പ്യൂൺ (ഓഫീസ് അറ്റൻഡന്റ്) തസ്തികയ്ക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യത "Should be literate" എന്നു മാത്രമാണ്. കെ.ഇ.ആർ അധ്യായം XXIV B ചട്ടം 4 പ്രകാരം "the qualifications of the non-teaching staff shall be the same as the qualifications prescribed for the non teaching staff in Govt. school" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ പാർട്ട് ടൈം നിയമന രീതിയും എയിഡഡ് സ്കൂളിലെ പാർട്ട് ടൈം മീനിയലായിട്ടുള്ള നിയമന രീതിയും വ്യത്യസ്തമാണ്. സർക്കാർ സർവ്വീസിൽ പാർട്ട് ടൈം മീനിയലായി സേവനമാരംഭിക്കുന്നവർക്ക് ഓഫീസ് അറ്റൻഡന്റായി പ്രൊമോഷൻ ലഭിക്കാറില്ല. സർക്കാർ സർവ്വീസിൽ ഓഫീസ് അറ്റൻഡന്റായി നേരിട്ടുള്ള നിയമനമാണ്. അപ്രകാരം നേരിട്ടുള്ള നിയമനം നടത്തുമ്പോഴാണ് 'ബിരുദ യോഗ്യത' അയോഗ്യതയായി നിശ്ചയിച്ചുകൊണ്ട് 04-06-2016 -ലെ GO(P) 12/2016 നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2016-ലെ ടി ഉത്തരവിനെ തുടർന്ന് കെ.ഇ.ആർ.-ൽ ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. അതിനാൽ എയിഡഡ് സ്കൂളിലെ പാർട്ട്ടൈം മീനിയൽ മുതൽ അനധ്യാപകരുടെ നിയമനം കെ.ഇ.ആർ. അധ്യായം XXIV A ചട്ടം 3 പ്രകാരം 'should be literate' എന്നു യോഗ്യത മാത്രം കണക്കാക്കിയാണ്. ബിരുദം ഒരു അയോഗ്യതയായി കെ.ഇ.ആർ-ൽ നിഷ്കർഷിച്ചിട്ടില്ല. സംസ്ഥാന സർവ്വീസിലെ നിയമനത്തിനായി ശുപാർശ ചെയ്യപ്പെടുന്ന ഒരാളുടെ യോഗ്യതയുടെയും മറ്റ് വിധത്തിലോ തെറ്റ് സംഭവിച്ചാൽ ഒരു വർഷത്തിനുള്ളിൽ ടി ശുപാർശ റദ്ദ് ചെയ്യണമെന്നാണ് KS & SSR Part II Rule 3 (C) യിൽ നിഷ്കർഷിച്ചിട്ടുള്ളത്. 01-08-2017 മുതൽ നിയമനാംഗീകാരത്തോടെ ജോലി ചെയ്തുവരുന്ന, ശമ്പളം വാങ്ങി വരുന്ന ശ്രീ.ഡാനിസൺ എം. കോശി 7 വർഷത്തിനുശേഷം ബിരുദ യോഗ്യത നേടിയിട്ടുണ്ട് എന്ന കാരണത്താൽ പ്രൊമോഷൻ അംഗീകരിക്കാതിരിക്കുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്.

17. 04-06-2016-ലെ GO(P) 12/2016/P&ARD നമ്പർ സർക്കാർ ഉത്തരവിൽ PTM, FTM

എന്നീ തസ്തികകളുടെ യോഗ്യതകൾ specifically എടുത്തു പറഞ്ഞിട്ടില്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്കു മാത്രമാണ് ബിരുദം അയോഗ്യതയായി പറഞ്ഞിട്ടുള്ളത്. സംസ്ഥാന സർവ്വീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനമാണ്. ശ്രീ.ഡാനിസൺ എം. കോശിയുടെ നിയമനം പ്രൊമോഷൻ നിയമനമാണ്.

18. മേൽ വസ്തുതകൾ ദയവായി പരിഗണിച്ച് ശ്രീ. ഡാനിസൺ എം. കോശിയുടെ ഓഫീസ് അറ്റൻഡന്റായിട്ടുള്ള പ്രൊമോഷൻ നിയമനം അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

**കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദങ്ങൾ ഇപ്രകാരമാണ്.**

19. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് ടി.ടി.ഐ.യിൽ PTCM തസ്തികയിൽ ശ്രീ.ഡാനിസൺ എം. കോശിയെ 01.08.2017 മുതൽ മാനേജർ നിയമിച്ചു. ടി സ്ഥാപനത്തിലെ PTCM ആയിരുന്ന ശ്രീ.റിജു ജോർജിനെ FTCM തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിച്ച ഒഴിവിലായിരുന്നു മേൽ നിയമനം. നിയമന വേളയിൽ ശ്രീ.ഡാനിസൺ എം. കോശി ബിരുദധാരി ആയിരുന്നു. ടിയാൻ 2008 ഏപ്രിൽ മാസത്തിലാണ് ബി.കോം. ബിരുദ യോഗ്യത കരസ്ഥമാക്കിയത്. എന്നാൽ The Kerala Last Grade Service Special Rules ൽ Part Time Contingent Menial (PTCM) ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ PTCM വിഭാഗം Last Grade Employees ജീവനക്കാർ എന്ന ഗണത്തിൽ വരുന്നില്ല. എയ്ഡഡ് സ്കൂളുകളിൽ അനദ്ധ്യാപക നിയമനത്തിന്, സർക്കാർ സേവനത്തിൽ പ്രവേശിക്കുന്നതിന് വേണ്ട യോഗ്യത തന്നെ ആണ് വേണ്ടത് എന്ന് കെ.ഇ.ആർ അദ്ധ്യായം 24 ബി ചട്ടം 4 ൽ പറഞ്ഞിട്ടുള്ളതാണ്. കേരളാ പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിൽ കാറ്റഗറി 2 ൽ ഉൾപ്പെടുന്ന തസ്തികയാണ് പാർട്ട് ടൈം മീനിയൽ തസ്തിക. ആയതിലെ ചട്ടം 5(b) പ്രകാരം ടി തസ്തികയ്ക്കുള്ള യോഗ്യതകൾ ഏഴാം ക്ലാസ്സ് വിജയവും Good physique ഉം മാത്രമാണ്. അതിൽ ബിരുദം അയോഗ്യതയാണെന്നു നിഷ്കർഷിച്ചിട്ടില്ല. കൂടാതെ ബിരുദം PTCM തസ്തികക്ക് അയോഗ്യതയാണ് എന്നത് സംബന്ധിച്ച ഭേദഗതി കേരളാ പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിൽ വരുത്തിയിരുന്നില്ല. ടി സാഹചര്യത്തിലാണ് ശ്രീ.ഡാനിസൺ എം. കോശിയുടെ 01.08.2017 മുതലുള്ള PTCM തസ്തികയിലെ നിയമനം അംഗീകരിച്ച് നൽകിയത്.

20. തുടർന്ന് ശ്രീ.ഡാനിസൺ എം. കോശിയെ ഇതേ മാനേജ്മെന്റിലെ ചെങ്ങമനാട് എം.എ.എം.എച്ച്.എസ്.ൽ 13/09/2017 മുതൽ FTCM തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിച്ചു. ടി വിദ്യാലയത്തിലെ FTCM ശ്രീ.ആർ.ജിജോമോനെ OA തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിച്ച ഒഴിവിലായിരുന്നു മേൽ നിയമനം. ടിയാൻ ചട്ടം 43 അവകാശി ആയതിനാൽ പ്രസ്തുത നിയമനവും അംഗീകരിച്ച് നൽകി.

21. മേൽ സാഹചര്യത്തിൽ ശ്രീ.ഡാനിസൺ എം. കോശിയുടെ എഫ്.ടി.എം തസ്തികയിലെ 13/09/2017 മുതലുള്ള നിയമനം ക്രമപ്രകാരമാണ്.

**പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമണ്.**

22. അടൂർ സെന്റ് മേരീസ് എം.എം.യു.പി. സ്കൂളിൽ 2024-25 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം ഒന്ന് മുതൽ ഏഴുവരെ ക്ലാസ്സുകളിൽ ആയി ആറാം പ്രവർത്തി ദിവസത്തിൽ യൂ.ഐ.ഡി. കണക്ക് പ്രകാരം 529 കുട്ടികൾ അദ്ധ്യയനം നടത്തുന്നുണ്ട്. ടി വിദ്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ ഒരു തസ്തിക അനുവദിച്ചു നല്കിയിട്ടുണ്ട്. ടി വിദ്യാലയം മതിയായ എണ്ണം കുട്ടികൾ ഉള്ള വിദ്യാലയമാണ്. ടി വിദ്യാലയത്തിലെ യു.പി. വിഭാഗം അപ്ഗ്രേഡ് ചെയ്ത് വിഭാഗത്തിൽപ്പെടുന്ന ഒരു സംരക്ഷിത അധ്യാപകൻ ടി വിദ്യാലയത്തിൽ ജോലി നോക്കുന്നുണ്ട്. ടി സ്കൂളിന് ന്യൂനപക്ഷ പദവി ഇല്ലാത്തതാണ്.

23. ടി വിദ്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി സേവനമനുഷ്ഠിച്ച ശ്രീ.സിജു ജോണിന് ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകി, 18/07/2024 മുതൽ സെന്റ് ജോർജ് എച്ച്.എസ്. ചൊവ്വല്ലൂർ സ്കൂളിൽ നിയമിച്ചപ്പോൾ സംജാതമായ ഒഴിവിലേക്ക്, എം.എ.എം.എച്ച്.എസ്. ചെങ്ങമനാട് സ്കൂളിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ സേവനമനുഷ്ഠിച്ച ശ്രീ.ഡാനിസൺ എം.കോശിയെ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി 18/07/2024 മുതൽ സ്കൂൾ മാനേജർ നിയമിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ നിരസിച്ചു നൽകുകയുണ്ടായി. കെ.ഇ.ആർ അദ്ധ്യായം 24 (എ) ചട്ടം 2 ലെ ഉപചട്ടം 3 പ്രകാരം സർക്കാർ സർവീസ് ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള യോഗ്യതകൾ തന്നെ ആണ് എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളത്. ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ, GO(P) നമ്പർ 12/2016 തീയതി 04.06.2016 ഉത്തരവ് പ്രകാരം എഫ്.ടി.എം, ഓഫീസ് അറ്റൻഡന്റ് തസ്തികകൾക്ക് ബിരുദം ഉണ്ടാവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന് 01.07.2011 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. ടിയാളുടെ സേവന പുസ്തക പരിശോധനയിൽ ടിയാൻ ബിരുദം യോഗ്യത കരസ്ഥമാക്കിയത് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീ.സിജു ജോണിന് ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകിയ ഉത്തരവിന്റെ പകർപ്പ് മാനേജർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഒഴിവ് സ്ഥാപിതമായിട്ടില്ല.

24. ശ്രീ.ഡാനിസൺ എം.കോശിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച സാഹചര്യത്തിൽ, മാനേജർ ടിയാൻ ഫുൾ ടൈം മീനയൽ തസ്തികയിൽ വാങ്ങി വന്ന ശമ്പളം അനുവദിച്ചു നൽകുന്നതിനുള്ള അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭ്യമാക്കുകയുണ്ടായി. ടി വിഷയത്തിൽ ടിയാളുടെ സേവനപുസ്തക പരിശോധനയിൽ ഫുൾ ടൈം മിനിയൽ തസ്തികയിലെ നിയമനം 04/06/2016 നു ശേഷം ആയതിനാൽ ടിയാളുടെ ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം നിലവിൽ ഉള്ള സർക്കാർ ഉത്തരവുകളും, കെ.ഇ.ആർ ചട്ടങ്ങളും പ്രകാരം ക്രമപ്രകാരമല്ലാത്തതിനാൽ ആണ് ടിയാൻ ഫുൾ ടൈം മീനയൽ തസ്തികയിൽ വാങ്ങി വന്ന ശമ്പളം അനുവദിച്ചു നൽകുന്നതിനുള്ള അപേക്ഷ അടൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകിയിട്ടുണ്ട്.

25. ഹർജിക്കാരന് 01/08/2017 പ്രാബല്യത്തിലുള്ള പാർടൈം മീനിയൽ തസ്തികയിലെ നിയമനാംഗീകാരം നല്കുമ്പോൾ തന്നെ ഹർജിക്കാരൻ ബിരുദധാരിയാണ് എന്ന വസ്തുത കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് 18/07/2024 മുതൽ സ്ഥാനക്കയറ്റം നല്കി നിയമിക്കുമ്പോൾ ഹർജിക്കാരൻ ബിരുദധാരിയായിരുന്നതിനാൽ ഹർജിക്കാരന് പാർട്ടൈം മീനിയൽ തസ്തികയിലും തുടർന്ന് ഫുൾടൈം മീനിയൽ തസ്തികയിലും

നിയമനാംഗീകാരം നല്കിയത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നുമുള്ള കാരണത്താൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം നിരസിച്ച് ഉത്തരവായി.

26. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ഇ.ആർ അധ്യായം XXIV B Rule 4 പ്രകാരം സർക്കാർ സ്കൂളുകളിലെ അനധ്യാപകരുടെ യോഗ്യത തന്നെയാണ് എയ്ഡഡ് സ്കൂളുകളിലെ അനധ്യാപകർക്കും ബാധകം. പാർട്ട് ടൈം മീനിയൽ തസ്തിക അനധ്യാപക തസ്തികയാണെങ്കിലും ടി തസ്തിക കേരളാ ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉൾപ്പെട്ടിട്ടില്ല. കേരളാ പാർട്-ടൈം കണ്ടിജന്റ് സർവീസിലാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നതിനാൽ പാർട്-ടൈം മീനിയൽ തസ്തികയിലെ നിയമനത്തിന് ബിരുദം അയോഗ്യതയാക്കാൻ കഴിയില്ല. ആയതിനാൽ ശ്രീ. ഡാനിസൺ എം. കോശിയുടെ PTCM തസ്തികയിലെ 01/08/2017 മുതലുള്ള നിയമനം ക്രമപ്രകാരമാണ്. അതിനാൽ തന്നെ ചട്ടപ്രകാരം നടത്തിയ സ്ഥാനക്കയറ്റ നിയമനങ്ങളും അംഗീകരിക്കാവുന്നതാണ്.

27. മേൽ സാഹചര്യത്തിൽ ഹർജിക്കാരന്റെ PTCM തസ്തികയിലെ 01/08/2017 മുതലുള്ള നിയമനം ക്രമപ്രകാരമായതിനാൽ തന്നെ ചട്ടപ്രകാരം നടത്തിയ സ്ഥാനക്കയറ്റ നിയമനങ്ങളും അംഗീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകി അപ്രകാരം ശ്രീ. ഡാനിസൺ എം.കോശി ഫയൽ ചെയ്ത റിട്ട് ഹർജി നം.42473/2024-ൽ 29.11.2024 തീയതി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.ഡനിസൺ എം.കോശി, ഓഫീസ് അറ്റൻഡന്റ്, സെന്റ് മേരീസ് എം.എം.യു.പി.സ്കൂൾ, അടൂർ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അടൂർ
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 04-04-2025 11:01:20

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.